നിരക്ക് കുറച്ച് ക്രമീകരണം നടത്തിയിട്ടുണ്ട്. അതേപോലെ വിലക്കുറവിന്റെ തോത് കൂടുതലായ അവസരങ്ങളിൽ ലഭിച്ചുകൊണ്ടിരിക്കുന്ന റവന്യൂ വരുമാനം നിലനിർത്തുന്നതിനായി നികുതി നിരക്കിൽ വർദ്ധനവും വരുത്തിയിട്ടുണ്ട്. അതിനാൽ കൂടുതൽ നികുതി പിരിക്കുക എന്ന ലക്ഷ്യത്തോടെയല്ല നികുതി നിരക്ക് ഉയർത്തിയിട്ടുള്ളത്. ഇത് പുന:പരിശോധിക്കേണ്ട സാഹചര്യം നിലവിലുള്ളതായി കരുതുന്നില്ല.

## സ്റ്റേറ്റ് ടാക്സുകളും ഡ്യൂട്ടികളും

**184 (524)** ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2014-15 സാമ്പത്തിക വർഷത്തിൽ ആദ്യത്തെ ആറ് മാസം സ്റ്റേറ്റ് ടാക്സുകളും ഡ്യൂട്ടികളും പിരിഞ്ഞുകിട്ടുമെന്ന് പ്രതീക്ഷിച്ചത് താഴെ പറയുന്നവയുടെ കാര്യത്തിൽ എത്ര കോടി വീതമായിരുന്നു ; അവ ഓരോന്നും ആ കാലയളവിൽ പിരിഞ്ഞുകിട്ടിയത് എത്ര കോടി വീതമായിരുന്നു ; വിശദമാക്കാമോ ; (1) ലാൻറ് റവന്യൂ, (2) സ്റ്റാംപ്പ് ആന്റ് രജിസ്ട്രേഷൻ (3) അദർ ടാക്സസ് ഓൺ പ്രോപ്പർട്ടി ടാക്സ് ഓൺ കമ്മോഡിറ്റീസ് ആന്റ് സർവ്വീസസ് (1) സ്റ്റേറ്റ് എക്സൈസ് (2) സെയിൽ ടാക്സ് ആൻറ് വി.എ.ടി (3) 'ടാക്സസ്' ഓൺ വെഹിക്കിൾസ് (4) ടാക്സസ് ഓൺ ഗുഡ്സ് ആന്റ് പാസഞ്ചേഴ്സ് (5) ടാക്സസ് ഓൺ ഡ്യൂട്ടീസ്?

### ഉത്തരം

സ്റ്റേറ്റ് ടാക്സുകളും ഡ്യൂട്ടികളും ഇനത്തിലെ 2014-15 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് (പിരിഞ്ഞുകിട്ടുമെന്ന് പ്രതീക്ഷിച്ചത്), അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 30-9-2014 വരെയുള്ള കാലയളവിൽ ലഭിച്ച വരുമാനം എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

## നിർമ്മാണ കരാറുകാരിൽനിന്നും ഈടാക്കുന്ന നികുതികൾ

**185 (525)** ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിർമ്മാണ കരാറുകാരിൽ നിന്നും ഈടാക്കി, വരുന്ന നികുതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly